LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നടത്തപ്പെടുന്ന പാരാമെഡിക്കൽ കോഴ്സുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മൈക്രോ ബയോളജി കോഴ്സ് കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലൊന്നും നിലവിൽ നടത്തുന്നില്ല. ആയതിനാൽ ടി കോഴ്സിന്റെ അദ്ധ്യാപക തസ്തികയ്ക്കുള്ള യോഗ്യതകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

സർക്കാർ ആശുപത്രികളിലെ വന്ധ്യതാ ചികിത്സാസൗകര്യം

23 (722) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ വന്ധ്യതാ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) ജില്ലാ/താലൂക്ക് ആശുപത്രികളിൽ വന്ധ്യതാ ചികിത്സയ്ക്ക് മതിയായ സൗകര്യം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) വന്ധ്യതാചികിത്സാ രംഗത്തെ ആധുനിക സൗകര്യങ്ങൾ സർക്കാർ മേഖലയിൽ ഏർപ്പെടുത്തുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വന്ധ്യതാ ചികിത്സയ്ക്കുള്ള സൗകര്യമുണ്ട്. എന്നാൽ പ്രസ്തുത ചികിത്സയുടെ ഭാഗമായ ഐ.വി.എഫ്. നടത്തുന്നതിനുള്ള സൗകര്യം നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മാത്രമേയുള്ളൂ. ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും തൃശ്ശൂർ ജില്ലാ ആശുപത്രിയിലും, മെച്ചപ്പെട്ട വന്ധ്യതാ ചികിത്സാ സൗകര്യം നിലവിലുണ്ട്.

(ബി-ഡി) കേന്ദ്ര ഗവൺമെന്റിന്റെ നൂതന പദ്ധതിയായ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഇൻഫർട്ടിലിറ്റി നടപ്പിലാക്കുമ്പോൾ ജില്ലാ/താലൂക്ക് ആശുപത്രികളിൽ സ്ക്രീനിംഗ് ടെസ്റ്റുകൾ, ഡയഗ്നോസ്റ്റിക് ലാപ്രോസ് കോപ്പി, ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ എന്നിവ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമായ വന്ധ്യതാ ചികിത്സാ രംഗത്തെ ആധുനിക സൗകര്യം മറ്റ് സർക്കാർ മെഡിക്കൽ മോളേജ്ജുകളിൽ കൂടി ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ആദ്യ ബാച്ചിൽ ഐ.വി.എഫ്-ലൂടെ 4 കുട്ടികളെ ലഭിച്ചിട്ടുണ്ട്. അടുത്ത ബാച്ചും വിജയകരമായി തുടരുന്നു. തിരുവനന്തപുരത്തുള്ള തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യതാ ചികിത്സ വിപുലീകരിക്കുന്നതിനായി കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ

24(2715) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ട് 30 വർഷത്തിലധികം സീനിയോറിറ്റി ഉള്ളവരും നിശ്ചിത പ്രായപരിധിയായ 50 വയസ് പൂർത്തിയായവരുമായ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം സീനിയോറിറ്റിയും പ്രായപരിധി കഴിഞ്ഞവരുമായ ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 5185 ഉദ്യോഗാർത്ഥികൾ നിലവിലുണ്ട്.

(ബി) സോഫ്റ്റ് കോപ്പി ഉള്ളടക്കം ചെയ്യുന്നു.*

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത യുവതീ-യുവാക്കൾ

25(4202) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്ത യുവതീ-യുവാക്കളുടെ എണ്ണം ജില്ല തിരിച്ച്, വ്യക്തമാക്കാമോ ;

(ബി) സർക്കാർ അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേനയല്ലാത്ത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly